99 (1205) തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പാലോട് രവി :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കി വിവിധ തൊഴിൽ നിയമങ്ങളനുസരിച്ച് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന ഉദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ സ്കാഡ് പരിശോധന നടത്തി തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നുണ്ട്. മിനിമം വേതനം നൽകാത്ത ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് പുറമേ ക്ലെയിം പെറ്റീഷനുകൾ സമർപ്പിച്ച് തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനവും നടത്തിവരുന്നു.

(ബി) വിവിധ തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന്റെ പേരിൽ 1998-99 വർഷം 60,328 കേസ്സുകൾ കണ്ടുപിടിക്കുകയും അതിൽ 2876 കേസ്സുകൾ പ്രോസിക്യൂട്ട് ചെയ്യുകയും 2123 കേസ്സുകളിൽ ശിക്ഷ നൽകുകയും ചെയ്തു. ഇതിനുപുറമെ മിതമായ കൂലി നൽകാത്ത തൊഴിൽ ഉടമകൾക്കെതിരെ 109 ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തു. അന്തർസംസ്ഥാന മൈഗ്രന്റ് തൊഴിലാളി നിയമ പ്രകാരം അന്യസംസ്ഥാനങ്ങളിലേയ്ക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന കോൺട്രാക്ടർമാരെ കണ്ടെത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന 50-ൽ അധികം കോൺട്രാക്ടർമാരെക്കൊണ്ട് മൈഗ്രന്റ് വർക്ക്മെൻ ആക്ട് പ്രകാരം ലൈസൻസ് എടുപ്പിക്കുന്നതിനും, അനധികൃത റിക്രൂട്ട്മെന്റ് ഒരു പരിധിവരെ തടയുന്നതിനും സാധിച്ചു.

14 വയസ്സിൽ താഴെയുള്ള കുട്ടികളെകൊണ്ട് അപകടകരമായ ജോലി ചെയ്യിക്കുന്നത് തടയുന്നതിനും, നിയന്ത്രിക്കുന്നതിനും നിയമപരമായി നടപടികളെടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly